## വരങ്ങളുടെ ദാതാവ്

**I. എഫെസ്യർ 4:7-16 ക്രിസ്തുവിന്റെ ജൈവിക ശരീരത്തിന്റെ ആന്തസ്തിത കെട്ടുപണിക്കുവേണ്ടിയുള്ള വരങ്ങളുടെ ദാതാവായി നമുക്ക് ക്രിസ്തുവിനെ അവതരിപ്പിക്കുന്നു; ഈ കെട്ടുപണി ക്രിസ്തുവിന്റെ വരത്തിന്റെ അളവിനൊത്തവണ്ണം ദിവ്യകൃപ നൽകുന്നതിലൂടെയും പകരുന്നതിലൂടെയുമാണ്**

- ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും ശരീരത്തിന് ഒഴിച്ചുകൂടാനാവാത്ത വരമാണ്
- ക്രിസ്തുവിന്റെ ജൈവിക ശരീരത്തിന്റെ ആന്തഃസ്തിത കെട്ടുപണി നടക്കുന്നത്:
  - ദിവ്യ ത്രിത്വത്തിന്റെ പകർച്ചയാൽ സംരചിക്കപ്പെട്ട അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ തുടങ്ങിയ വരപ്രാപ്തരായ വ്യക്തികളെ തന്റെ ആരോഹണത്തിൽ (അവന്റെ പുനരുത്ഥാനം ഉൾപ്പെടെ) തലയായ ക്രിസ്തുവിനാൽ അവന്റെ ശരീരത്തിന് നൽകുന്നതിലൂടെ
  - എല്ലാ വിശുദ്ധന്മാർക്കും പുതിയനിയമ ശുശ്രൂഷയുടെ വേല ചെയ്യാൻ, അതായത് ക്രിസ്തുവിന്റെ ശരീരം കെട്ടുപണിചെയ്യുവാൻ കഴിയേണ്ടതിന്, വരപ്രാപ്തരായ വ്യക്തികൾ ദിവ്യ പകർച്ചയിൽ വിശുദ്ധന്മാരെ തികഞ്ഞവരാക്കുന്നതിലൂടെ
- നമ്മെ പിടിച്ചടക്കിയും പരാജയപ്പെടുത്തിയും കൊണ്ട് ക്രിസ്തു എത്രയധികം നമ്മുടെ ഉള്ളിൽ ആരോഹണം ചെയ്യുകയും ഇറങ്ങുകയും ചെയ്യുമോ, അത്രയധികം നമ്മെ അവന്റെ ശരീരത്തിനുള്ള വരങ്ങളായി സംരചിക്കുവാൻ അവൻ അവനെക്കൊണ്ടുതന്നെ നമ്മെ നിറയ്ക്കുന്നു
- എല്ലാ വിശുദ്ധന്മാർക്കും പുതിയനിയമ ശുശ്രൂഷയുടെ വേല ചെയ്യാൻ, അതായത് ക്രിസ്തുവിന്റെ ശരീരം കെട്ടുപണിചെയ്യുവാൻ കഴിയേണ്ടതിന്, ക്രിസ്തുവിന്റെ ജൈവിക ശരീരത്തിന്റെ അന്തഃസ്ഥിത കെട്ടുപണി വരപ്രാപ്തരായ വ്യക്തികൾ ദിവ്യ പകർച്ചയിൽ വിശുദ്ധന്മാരെ തികഞ്ഞവരാക്കുന്നതിലൂടെയാണ്

## ദൈവത്തിന്റെ ആയുധവർഗത്തിന്റെ ഘടകാംശങ്ങൾ

**II. ക്രിസ്തു ദൈവത്തിന്റെ ആയുധവർഗത്തിന്റെ ഘടകാംശങ്ങളാകുന്നു എന്ന് എഫെസ്യർ 6:10-20 വെളിപ്പെടുത്തുന്നു**

- ദൈവത്തിന്റെ സർവായുധവർഗം സംഘാതയോദ്ധാവെന്ന നിലയിൽ ക്രിസ്തുവിന്റെ മുഴുവൻ ശരീരത്തിനും വേണ്ടിയുള്ളതാണ്, ശരീരത്തിലെ ഏതെങ്കിലും വ്യക്തിഗത അംഗത്തിന് വേണ്ടിയുള്ളതല്ല; നാം ശരീരത്തിലാണ് ആത്മിക യുദ്ധം പോരാടുന്നത്, വ്യക്തികളെന്ന നിലയിലല്ല
- എഫെസ്യർ 2-ൽ നാം ക്രിസ്തുവിന്റെ എല്ലാ നേട്ടങ്ങളിലും പങ്കുകൊള്ളുവാൻ സ്വർഗത്തിൽ അവനോടുകൂടെ ഇരിക്കുന്നു; 4-ഉം 5-ഉം അധ്യായങ്ങളിൽ, ദൈവത്തിന്റെ നിത്യോദ്ദേശ്യം നിറവേറ്റുന്നതിനായി നാം അവന്റെ ശരീരത്തിൽ ഭൂമിയിൽ നടക്കുന്നു; തുടർന്ന് അധ്യായം 6-ൽ ദൈവത്തിന്റെ ശത്രുവിനെതിരെ പോരാടുവാൻ നാം സ്വർഗീയങ്ങളിൽ അവന്റെ ശക്തിയിൽ നിൽക്കുന്നു
- ദൈവത്തിന്റെ ആയുധവർഗത്തിന്റെ ഘടകാംശങ്ങളെന്ന നിലയിൽ ക്രിസ്തു
  1. **സത്യം (വാ. 14)**—സത്യത്താൽ അരകെട്ടി
     - സത്യം എന്നത് നമ്മുടെ ജീവിതത്തിലെ യാഥാർഥ്യമെന്ന നിലയിൽ ക്രിസ്തുവിലുള്ള ദൈവത്തെ സൂചിപ്പിക്കുന്നു. അതായത് നാം ജീവിച്ചുവെളിപ്പെടുത്തുന്ന ക്രിസ്തു
  2. **നീതി (വാ. 14)**—നീതിയുടെ മാർകവചം ധരിച്ച്
     - നീതിയുടെ മാർകവചമെന്ന നിലയിൽ ക്രിസ്തു നമ്മുടെ മനസ്സാക്ഷിയെ മറയ്ക്കുന്നു. അത് കുഞ്ഞാടിന്റെ രക്തം ഹേതുവായി ജയിക്കുന്നതാണ്
  3. **സമാധാനം (വാ.15)**—സമാധാന സുവിശേഷത്തിന്റെ ഉറച്ച അടിസ്ഥാനം കൊണ്ട് പാദങ്ങൾക്ക് ചെരിപ്പിട്ടു
     - ക്രിസ്തു നമുക്ക് ദൈവവുമായും മനുഷ്യനുമായും ക്രൂശിൽ സമാധാനം ഉണ്ടാക്കി, ഈ സമാധാനം നമ്മുടെ സുവിശേഷമായിത്തീർന്നു
  4. **വിശ്വാസം (വാ. 16)**—വിശ്വാസത്തിന്റെ പരിച എടുത്തു നിൽക്കുക
     - ദുഷ്ടന്റെ സകല തീയമ്പുകളെയും കെടുത്തുവാൻ കഴിയുന്ന, വിശ്വാസത്തിന്റെ പരിച എടുത്തു നിൽക്കണം. നാം നമ്മുടെ വിശ്വാസത്തിന്റെ ആത്മാവിനെ പ്രയോഗിക്കണം.
  5. **രക്ഷ (വാ. 17)**—രക്ഷയുടെ ശിരസ്ത്രം കൈക്കൊള്ളണം
     - രക്ഷയുടെ ശിരസ്ത്രം ദുഷ്ടൻ എയ്യുന്ന പ്രതിലോമപരമായ ചിന്തകൾക്കെതിരെ നമ്മുടെ മനസ്സിനെയും ചിന്താഗതിയെയും മറയ്ക്കുന്നതിനുവേണ്ടിയാണ്; അങ്ങനെയുള്ള ഒരു ശിരസ്ത്രം, അങ്ങനെയുള്ള ഒരു ആവരണം ദൈവത്തിന്റെ രക്ഷയാണ്
  6. **ദൈവവചനം (വാ. 17)**—ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു
     - ലോഗോസ് (ബൈബിളിലെ സ്ഥിരവചനം) നമുക്ക് റീമ (ആത്മാവിന്റെ ഇപ്പോഴത്തെ, തൽക്ഷ, ജീവനുള്ള സംസാരം) ആയിത്തീരുമ്പോൾ, ഈ റീമ ശത്രുവിനെ കഷ്ണങ്ങളായി നുറുക്കുന്ന വാളാണ്
  7. **പ്രാർഥന (വാ. 17)**—സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിക്കണം
     - ക്രിസ്തുവിനെ ദൈവത്തിന്റെ ആയുധവർഗമായി പ്രയോഗിക്കാനുള്ള നിസ്തുല മാർഗമാണ് പ്രാർഥന; പ്രാർഥനയാണ് പ്രായോഗികമായ രീതിയിൽ നമുക്ക് ആയുധവർഗം ലഭ്യമാക്കുന്നത്